**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3650** **20.06.2018-** ൽ മറുപടിയ്ക്ക്

**<u>വയോജന നയം</u>**

<u>ചോദ്യം</u> <u>മറുപടി</u>

ശ്രീ. പി.കെ.ബഷീർ
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്.

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ വയോജന നയം പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ എന്നാണ് പ്രഖ്യാപിച്ചതെന്നും എന്തൊക്കെയാണ് ഈ നയം ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ; | (എ) | 6/5/2013 ലെ സ.ഉ.(എം.എസ്) നം.37/2013/സാ.നീ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ വയോജന നയം പരിഷ്കരിച്ചിട്ടുണ്ട്. അറുപത് വയസ്സ കഴിഞ്ഞ എല്ലാ പേരുടേയും താല്പര്യ സംരക്ഷണം സമൂഹത്തിന്റെ ചുമതലയായി നയം അംഗീകരിയ്ക്കുന്നതോടൊപ്പം വയോജനങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും ആരോഗ്യപരവുമായ ഉന്നമനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള വഴികാട്ടിയായും നയം വർത്തിക്കുന്നു. |
| (ബി) | പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കാതിരിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്ന മക്കൾക്കെതിരെ എന്തൊക്കെ നിയമനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. | (ബി) | പ്രായമായ മാതാപിതാക്കളെ സംരക്ഷിയ്ക്കാതിരിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്ന മക്കൾക്കെതിരെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള മെയിന്റനൻസ് ട്രൈബ്യൂണലുകൾ വഴി കേസ് രജിസ്റ്റർ ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ച വരുന്നു. പ്രസ്തുത നിയമ പ്രകാരം എതിർകക്ഷികളിൽ നിന്ന് പരമാവധി 10,000/-രൂപ മുതിർന്ന പൗരൻമാരുടെ സംരക്ഷണ ചെലവായി |

| | | | |
|---|---|---|---|
| | | | നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുതിർന്ന പൗരന്മാർക്ക് സംരക്ഷണം നൽകേണ്ട ഏതൊരാളും അവർക്ക് സംരക്ഷണം നൽകാതെ ഉപേക്ഷിക്കുകയാണെങ്കിൽ മൂന്ന് മാസം വരെയുള്ള തടവോ പരമാവധി 5000 രൂപ വരെയുള്ള പിഴയോ അഥവാ രണ്ടും കൂടിയോ നൽകുവാൻ പ്രസ്തുത നിയമം വ്യവസ്ഥ ചെയ്യുന്നു. 2017-18 വർഷം 1313 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. |
| (സി) | പ്രായമായ മാതാപിതാക്കളെ മക്കൾ സംരക്ഷിക്കാത്ത നിരവധി വാർത്തകൾ പുറത്തുവരുന്ന സാഹചര്യത്തിൽ ഇവരെ സംരക്ഷിക്കുവാൻ താലൂക്ക്/ പഞ്ചായത്ത് അടിസ്ഥാനത്തിൽ എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | മക്കൾ സംരക്ഷിക്കാത്ത മാതാപിതാക്കളെ സംരക്ഷിക്കുന്നതിനായി സംസ്ഥാനത്ത് 21 മെയിന്റനൻസ് ട്രൈബ്യൂണലുകളും 16 സർക്കാർ വൃദ്ധസദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡ് രജിസ്ട്രേഷനോടു കൂടി 617 സ്വകാര്യ വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പകൽ സമയങ്ങളിൽ വയോജനങ്ങൾക്ക് സംരക്ഷണമൊരുക്കുന്നതിനായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടു കൂടി പഞ്ചായത്ത് തലത്തിൽ 70 സായംപ്രഭാ ഹോമുകളും പ്രവർത്തിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**